**കേരള സർക്കാർ**

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരെ വിദ്യാഭ്യാസ പാക്കേജിൽ ഉൾപ്പെടുത്തി അംഗീകാരം നൽകി ഉത്തരവാകുന്നു.

---

പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ(എം.എസ്) നം.406/2012/പൊ.വി.വ    തീയതി, തിരുവനന്തപുരം, 27.12.2012.

---

പരാമർശം: (1) 1/10/2011 ലെ സ.ഉ (എം.എസ്) നമ്പർ 199/11/പൊ.വി.വ

(2) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 30.10.12 ലെ എച്ച്-2/10652/12/ ഡി പി ഐ നം. കത്ത്

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവു പ്രകാരം വിവിധ കാരണങ്ങളാൽ ശമ്പളം ലഭിയ്ക്കാതെ ദീർഘകാലം ജോലി ചെയ്തു വരുന്ന അദ്ധ്യാപകരെ വ്യവസ്ഥകൾക്ക് വിധേയമായി 01.06.2011 മുതൽ അംഗീകാരം നൽകുന്നതിനും എയ്ഡഡ് സ്കൂൾ മേഖലയിൽ ശാസ്ത്രീയ നിയമന രീതി നടപ്പിൽ വരുത്തുന്നതിനും അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കാനും ലക്ഷ്യമിട്ട് അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുകയുണ്ടായി. എന്നാൽ ടി വിദ്യാഭ്യാസ പാക്കേജിൽ എയ്ഡഡ് സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരെ ഉൾപ്പെടുത്തിയിരുന്നില്ല. അവരെ കൂടി പാക്കേജിൽ ഉൾപ്പെടുത്തണമെന്ന അപേക്ഷ ബന്ധപ്പെട്ട സ്കൂൾ മാനേജർമാരിൽ നിന്നും അദ്ധ്യാപകരിൽ നിന്നും ലഭിച്ചിരുന്നു. എയ്ഡഡ് സ്പെഷ്യൽ സ്കൂളുകളിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകരെ നിയമിക്കേണ്ടതിനു പകരം നിയമിക്കപ്പെട്ടതിനാൽ ശമ്പളമില്ലാതെ ജോലി ചെയ്തു വരുന്ന യോഗ്യരായ 4 അദ്ധ്യാപകരും തസ്തിക നഷ്ടപ്പെട്ട് പുറത്ത് പോയ 10 അദ്ധ്യാപകരുമുണ്ടെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) ലെ കത്തു പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലിസ്റ്റ് ചുവടെ ചേർക്കുന്നു.

## ലിസ്റ്റ്(1) പ്രൊട്ടക്ടഡ് അദ്ധ്യാപകരെ നിയമിക്കുന്നതിനു പകരം നിയമിക്കപ്പെട്ട് ശമ്പളമില്ലാതെ ജോലി ചെയ്തു വരുന്ന അദ്ധ്യാപകർ

| നം | പേര് | സ്കൂളിന്റെ പേര് | നിയമന തീയതി | നിയമനത്തിന്റെ സ്വഭാവം |
|---|---|---|---|---|
| 1 | സുനിൽ ജേക്കബ് | സി.എസ്.ഐ.വി.എച്ച്.എസ് ഫോർ ഡെഫ്, വാളകം. | 11.06.2007 | പ്രൊമോഷൻ |
| 2 | ബിന്ദു റെജിൻ | സി.എസ്.ഐ.വി.എച്ച്.എസ് ഫോർ ഡെഫ്, വാളകം. | 01.03.2010 | പ്രൊമോഷൻ |
| 3 | സീമ.സി ജേക്കബ് | സി.എസ്.ഐ.വി.എച്ച്.എസ് ഫോർ ഡെഫ്, വാളകം. | 01.06.2010 | പ്രൊമോഷൻ |
| 4 | അമ്പിളി.കെ.കെ | അമൃത സ്പീച്ച് ആന്റ് ഹിയറിംഗ് ഇംപേയ്ഡ് സ്കൂൾ. അയ്യന്തോൾ | 27.08.2005 | അഡീഷണൽ വേക്കൻസി |

## ലിസ്റ്റ് (2) റീട്രഞ്ച്ഡ് ടീച്ചേഴ്സ്

| ക്രമ നമ്പർ | പേര് | സ്കൂളിന്റെ പേര് |
|---|---|---|
| 1 | അൻവറലി പാറ | റഹ്മാനിയ എച്ച്.എസ്.എസ് ഫോർ ഹാൻഡിക്യാപ്ഡ് |
| 2 | സലീനാബീവി | റഹ്മാനിയ എച്ച്.എസ്.എസ് ഫോർ ഹാൻഡിക്യാപ്ഡ് |
| 3 | മുഹമ്മദ് പി.റ്റി | റഹ്മാനിയ എച്ച്.എസ്.എസ് ഫോർ ഹാൻഡിക്യാപ്ഡ് |
| 4 | നുസൈബ. എം | റഹ്മാനിയ എച്ച്.എസ്.എസ് ഫോർ ഹാൻഡിക്യാപ്ഡ് |
| 5 | ഖദീജാബീഗം | റഹ്മാനിയ എച്ച്.എസ്.എസ് ഫോർ ഹാൻഡിക്യാപ്ഡ് |
| 6 | ഫെയ്സൽ. റ്റി | റഹ്മാനിയ എച്ച്.എസ്.എസ് ഫോർ ഹാൻഡിക്യാപ്ഡ് |
| 7 | സഫിയ. കെ | റഹ്മാനിയ എച്ച്.എസ്.എസ് ഫോർ ഹാൻഡിക്യാപ്ഡ് |
| 8 | ഹുബ് റഹ്മാൻ.കെ | റഹ്മാനിയ എച്ച്.എസ്.എസ് ഫോർ ഹാൻഡിക്യാപ്ഡ് |
| 9 | സജിത. പി.കെ | റഹ്മാനിയ എച്ച്.എസ്.എസ് ഫോർ ഹാൻഡിക്യാപ്ഡ് |
| 10 | ഷാഹുൽ ഹമീദ്. എം | സ്കൂൾ ഫോർ ഡെഫ്, പരപ്പനങ്ങാടി |

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. മേൽ ചേർത്തിട്ടുള്ള യോഗ്യരായ 14 സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരുടെ നിയമനം 01.10.2011-ലെ ജി.ഒ.(പി) നം.199/11/പൊ.വി.വ. പ്രകാരം വിദ്യാഭ്യാസ പാക്കേജിൽ ഉൾപ്പെടുത്തി 01.06.2011 മുതൽ അംഗീകാരം നൽകിയും ഇവരുടെ സേവനാനുകൂല്യങ്ങൾ സംബന്ധിച്ച് അദ്ധ്യാപക പാക്കേജിൽ എടുക്കുന്ന പൊതുതീരുമാനം ബാധകമാക്കിയും ഉത്തരവാകുന്നു. റിട്രഞ്ച്ഡ് ആയ ലിസ്റ്റ് (2)-ൽ പെട്ട 10 അദ്ധ്യാപകരെയും IED സെന്ററുകളിലെ അംഗീകൃത ഒഴിവുകളിൽ നിയമനം നൽകി അംഗീകാരം നൽകാൻ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**ഡോ. കെ. ഇളങ്കോവൻ**
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും/ജില്ലാ/ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ്
വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.

ധനകാര്യ(ഉപദേശ-ബി) വകുപ്പ് (5.10.2012ലെ 71172/എഡ്യൂ.എ1/12/ധന നമ്പർ
അനൗ. കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഐ.ടി.@സ്കൂൾ, തിരുവനന്തപുരം (വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)

ഓഫീസ് കോപ്പി /സ്റ്റോക്ക് ഫയൽ

പകർപ്പ്:- ബഹു.വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ